ദേവസ്വം ബോർഡുകൾക്കു കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപക നിയമനം

237 (4861) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള കോളേജുകളിൽ അദ്ധ്യാപക തസ്തികയിലെ നിയമനം നടത്തുന്നതിന് പാലിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ബി) നിയമനം സംബന്ധിച്ച് കേരള, മഹാത്മാഗാന്ധി, കോഴിക്കോട് സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ടിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) യു.ജി.സി യും സർവ്വകലാശാലകളും സർക്കാരും നിർദ്ദേശിച്ചതിലും അധികയോഗ്യതയുള്ള അപേക്ഷകർക്ക് ഇന്റർവ്യൂവിന് വെയ്റ്റേജ് മാർക്ക് നൽകിവരുന്നുണ്ടോ ; ഫസ്റ്റ് ക്ലാസ്, റാങ്ക് ഗവേഷണബിരുദങ്ങൾ പ്രസിദ്ധീകരണങ്ങൾ, അദ്ധ്യാപക പരിചയം എന്നിവ ഓരോന്നിനും എത്ര മാർക്കു വീതമാണ് നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) അദ്ധ്യാപക നിയമനത്തിനുവേണ്ട യോഗ്യത നേടിയവരും സർവ്വകലാശാലക്കു കീഴിലുള്ള കോളേജുകളിൽ ദീർഘകാല അദ്ധ്യാപക പരിചയമുള്ളവരുമായ അപേക്ഷകർക്ക് പ്രസ്തുത കോളേജിൽ നിയമനം ലഭിക്കുന്നതിന് എന്തെങ്കിലും മുൻഗണന നൽകിവരുന്നുണ്ടോ ;

(ഇ) എങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) നിലവിൽ ഇത്തരം പരിഗണന നൽകി വരുന്നില്ലെങ്കിൽ ഭാവിയിലുണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തുമ്പോൾ ഇക്കാര്യം ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡ്, കൂടൽമാണിക്യം ദേവസ്വം എന്നിവയുടെ കീഴിൽ കോളേജുകൾ ഒന്നുംതന്നെയില്ല.

ഗുരുവായൂർ ദേവസ്വത്തിനു കീഴിലുള്ള ഗുരുവായൂർ ശ്രീകൃഷ്ണാ കോളേജിൽ കോഴിക്കോട് സർവ്വകലാശാലയും, യു. ജി. സി. യും, സർക്കാരും അതാത് കാലത്ത് നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് അദ്ധ്യാപക നിയമനം നടത്തിവരുന്നത്.

കൊച്ചി ദേവസ്വം ബോർഡിനുകീഴിലുള്ള കോളേജുകളിലും മേൽപ്പറഞ്ഞ പ്രകാരമാണ് അദ്ധ്യാപക നിയമനം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാംകൂർ ദേവസ്വം ബോർഡിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

(ബി) കാലിക്കറ്റ് സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടിൽ ചാപ്റ്റർ 2-ൽ പ്രൈവറ്റ് കോളേജിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങളുണ്ട്. ആയതിന്റെ പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

തിരുവിതാംകൂർ ദേവസ്വം ബോർഡിനെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാരിൽനിന്നും പ്രത്യേക നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ലെന്ന് ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്.

കൊച്ചി ദേവസ്വം ബോർഡിനുകീഴിലുള്ള കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് താഴെപറയുന്ന രീതിയിൽ വെയ്റ്റേജ് മാർക്ക് നൽകുന്നുണ്ട്.

1st Class in P.G.	- 20 Marks
1st Rank 1st Class P.G.	- 25 Marks
2nd Rank 1st Class P.G.	- 23 Marks
3rd Rank 1st Class	- 22 Marks
Net + Ph.D.	- 15 Marks
Net + M.Phil.	- 5 Marks
അദ്ധ്യാപന പരിചയം 15 Marks)	- 3 Marks for each year Maximum
ഗവേഷണ പ്രസിദ്ധീകരണം (ഓരോന്നിനും) (Maximum 15 Marks)	- 3 Marks

(ഡി & ഇ) സർക്കാരിൽനിന്നും പ്രത്യേകം നിർദ്ദേശം ലഭിച്ചിട്ടില്ലാത്തതിനാൽ ഗുരുവായൂർ ശ്രീകൃഷ്ണാ കോളേജിൽ ഈ വിഭാഗക്കാർക്ക് മുൻഗണന നൽകിവരുന്നില്ല. കൊച്ചി ദേവസ്വം ബോർഡിൽ അദ്ധ്യാപന പരിചയമുള്ളവർക്ക് മുൻഗണന നൽകിവരുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഇത് സർവ്വകലാശാലകളും, ദേവസ്വം ബോർഡുകളുമായി ആലോചിച്ച് ചെയ്യേണ്ട കാര്യമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly